# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3797

26/06/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## കലാകാര പെൻഷൻ

ചോദ്യം

ശ്രീ.എ.എ.അസീസ്.
ശ്രീ.കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവുംസ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്തെ കലാകാരന്മാർക്ക് നൽകിക്കൊണ്ടിരുന്ന പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; | എ, ബി, സി & ഡി | നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും നിലവിൽ കലാകാരപെൻഷൻ നൽകുന്നില്ല. അർഹരായവർക്ക് നൽകിവന്നിരുന്ന മാസം തോറുമുള്ള ധനസഹായം2009 ഒക്ടോബർ മുതൽ നിർത്തലാക്കാൻ, കലാകാര പെൻഷൻ നൽകുന്നതിനായി രൂപീകരിക്കപ്പെട്ട 'സിനി ആർട്ടിസ്റ്റ് വെൽഫയർ ഫണ്ട് ഓഫ് ഇന്ത്യ' തീരുമാനിച്ചു. ധനസഹായം സ്വീകരിച്ചുവന്നിരുന്നവരുടേതുൾപ്പെടെയുള്ള അപേക്ഷകൾ പുതുക്കിയ യോഗ്യതാമാനദണ്ഡം അനുസരിച്ച് സ്വീകരിക്കുന്ന അപേക്ഷയോടൊപ്പം മൊത്തത്തിൽ അവലോകനം നടത്തി തെരഞ്ഞെടുക്കാനും |
| (ബി | ഉണ്ടെങ്കിൽ എന്നു മുതലാണ് നിർത്തലാക്കിയത്; | | |
| (സി) | സംസ്ഥാനത്ത് എത്ര പേർക്ക് എത്ര രൂപ വീതമാണ് നൽകിയിരുന്നത്; | | |
| (ഡി) | പ്രസ്തുത പെൻഷൻ നിർത്തലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചു.പരിഷ്കരിച്ച അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ അപേക്ഷകൾ 2012 ജൂലൈ മാസത്തിൽ നടക്കുന്ന യോഗത്തിൽ ട്രസ്റ്റിനു മുൻപാകെ സമർപ്പിക്കും. |
| (ഇ) | പെൻഷൻ പുനസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | പെൻഷൻ പുനസ്ഥാപിക്കുന്നതിന് സംസ്ഥാനസർക്കാർ നടപടിയൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ